**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1336 06.03.2020 ലെ മറുപടിക്ക്**

**നാളികേര വികസന കൗൺസിൽ മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് രൂപീകരിച്ച നാളികേര വികസന കൗൺസിൽ മുഖേന നടപ്പിലാക്കിവരുന്നതും 2028 വരെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം നൽകുമോ;<br><br>(ബി) ഇതിന്റെ ഫലമായി കർഷകർക്ക് എപ്രകാരമാണ് ആനുകൂല്യങ്ങൾ നേരിട്ട് എത്തിക്കുവാൻ കഴിയുക എന്ന് വിശദമാക്കാമോ? | (എ)&(ബി) കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക, നാളികേരാധിഷ്ഠിതമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വ്യവസായ സംരംഭങ്ങൾ വ്യാപിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടു കൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ ബ്ലോക്ക് തല ഫെഡറേഷനുകൾ വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്ത് തല കേര സമിതികൾ,എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങു കൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഉൽപ്പാദന ക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 മുതൽ 9000 വരെ |

| | |
|---|---|
| | നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.<br><br>നാളികേര വികസനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് 6900 ലക്ഷം രൂപയുടെ പദ്ധതികളാണ് 2019-20 വർഷം നടപ്പാക്കി വരുന്നത്. ഇതിൽ പ്രധാനമാണ് കേരഗ്രാമം പദ്ധതി. നടപ്പുവർഷം 55 കേരഗ്രാമങ്ങളാണ് നടപ്പാക്കാൻ ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതിനായി 4300 ലക്ഷം രൂപ ബജറ്റ് വിഹിതം ചെലവഴിച്ചു വരുന്നു. 250 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് സംയോജിത കൃഷി രീതികൾ, കീട-രോഗ നിയന്ത്രണം, ഇടവിളകൃഷികൾ, ജലസേചന സൗകര്യമൊരുക്കൽ, പ്രായം ചെന്നതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക എന്നിവ കർഷക കൂട്ടായ്മയായ കേര സമിതികൾ രൂപീകരിച്ചുകൊണ്ട് നടത്തിവരുന്നു. മുൻവർഷം ആരംഭിച്ച 77 കേരഗ്രാമങ്ങൾക്കുള്ള രണ്ടാം വർഷ പദ്ധതി സഹായവും കേരകേരളം സമൃദ്ധ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വാർഡുകളിലും അത്യുൽപ്പാദന ശേഷിയുള്ള 75 തെങ്ങിൻ തൈ വീതം 50% വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. നടപ്പുവർഷം കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ള 300 പഞ്ചായത്തുകളും കേരഗ്രാമങ്ങൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിൽ തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിവിധഏജൻസികൾ മുഖേന തെങ്ങിൻതൈകളുടെ ഉല്പാദനം വർദ്ധിപ്പിച്ച് വരും വർഷങ്ങളിൽ പദ്ധതി സംസ്ഥാനമാകെ പൂർത്തിയാക്കുന്നതാണ്. തൃശ്ശൂർ-പൊന്നാനി മേഖലകളിലെ കോൾ നിലങ്ങളിലെ സർക്കാർ |

| | |
|---|---|
| | അധീനതയിലുള്ള ബണ്ടുകളിൽ തെങ്ങിൻതൈകൾ നട്ട് പരിപാലിപ്പിക്കുന്നതിനുള്ള നടപടികളും നടപ്പുവർഷം കൃഷിവകുപ്പ് സ്വീകരിച്ചു വരുകയാണ്.<br><br>തെങ്ങിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാരിന്റെ കാലത്ത് 8 ഓളം നാളികേര ഉല്പാദക കമ്പനികൾക്ക് കൃഷി വകുപ്പ് ധന സഹായം നൽകിയിട്ടുണ്ട്. നീര ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവയിൽ പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. നീരയെ ഒറ്റ ബ്രാന്റായി വിപണിയിൽ എത്തിക്കാൻ ലോഗോ, പേര് എന്നിവയിൽ ധാരണയായിട്ടുണ്ട്.<br><br>കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചു വരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| | സംസ്ഥാനത്ത്കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ **"വൈഗ"** എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ